# ഇസ്‌ലാം എഴുത്ത് ബശീർകൃതികൾ




*എം.എ റഹ്മാൻ സെമിനാർ ഉദ്ഘാടനം ചെയ്യുന്നു*

**എഴുത്തുകാരന്റെ** സ്വകാര്യജീവിതം അയാളുടെ രചനകളോടൊപ്പം ചർച്ച ചെയ്യപ്പെടേണ്ടതുണ്ടോ എന്നത് ഒരു സംവാദ വിഷയമാണ്. എന്നാൽ അങ്ങനെ ഒരു സംവാദം നിലനിൽക്കെത്തന്നെ ചില എഴുത്തുകാരുടെ ജീവിതങ്ങൾ ഒട്ടും തർക്കം കൂടാതെ അവരുടെ രചനകളോടൊപ്പം പഠന-പാരായണങ്ങൾക്ക് വിധേയമാക്കപ്പെടുന്നതായി കാണാം. അത്തരം സാഹിത്യകാരന്മാരിൽ മുൻപന്തിയിൽ നിൽക്കുന്നത് വൈക്കം മുഹമ്മദ് ബശീർ തന്നെയായിരിക്കും.

മലയാളത്തെ ലോകത്തോളം വളർത്തിയ ബശീറിന്റെ നൂറാം ജന്മദിനവർഷത്തിലൂടെയാണ് നാം കടന്നു പോകുന്നത്. ബശീറിന്റെ ജീവിതത്തെക്കുറിച്ചും രചനകളെക്കുറിച്ചും ഇതിനകം നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. ഇത്തരം പഠനങ്ങളുടെയെല്ലാം പൊതുവായ സവിശേഷത, മതേതരമായ മണ്ഡലങ്ങളിലാണ് അവ നടക്കുന്നത് എന്നതാണ്. എന്നാൽ ബശീറിന്റെ സ്വകാര്യജീവിതം അടുത്തുനിന്ന് അനുഭവിച്ചവർ വെളിപ്പെടുത്തുന്നത്, അദ്ദേഹം മതപരമായ മൂല്യങ്ങളെ ഏറെ സ്നേഹിക്കുകയും മാനിക്കുകയും ചെയ്തിരുന്നു എന്നാണ്. ഇസ്‌ലാമികമായ അന്തരീക്ഷത്തിൽ തന്റെ കുടുംബത്തെ ക്രമീകരിക്കുന്നതിനും മക്കളെ വളർത്തുന്നതിനും അദ്ദേഹം ശ്രമിച്ചിരുന്നു. എട്ടാമത്തെ വയസ്സിൽ ഖുർആൻ മുഴുവൻ പഠിച്ചുകഴിഞ്ഞിരുന്നു എന്ന് ബശീർ തന്നെ എഴുതിയിട്ടുണ്ട്. എന്നാൽ ബശീറിനെക്കുറിച്ചുള്ള വിശദമായ പഠനങ്ങളിലൊന്നും അദ്ദേഹത്തിന്റെ ഈ മുഖം വെളിപ്പെടുന്നില്ല എന്നത് നമ്മെ അമ്പരിപ്പിക്കുന്നു.

ഒരാളുടെ രചനകളുടെ പൊതുസ്വഭാവം നിർണയിക്കുന്നത് അയാൾ പുലർത്തുന്ന കാഴ്ചപ്പാടുകളും പ്രസ്തുത കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ അയാൾ ആശ്രയിക്കുന്ന ആശയസംഹിതയുമാണെന്ന കാര്യത്തിൽ സംശയമില്ല. ലോകത്തോടു മുഴുവൻ കാരുണ്യം കാണിക്കുകയും അതിസങ്കീർണമായ ഈ പ്രപഞ്ചത്തിലെ ഒരു ബിന്ദു മാത്രമായി തന്നെ തിരിച്ചറിയുകയും ചെയ്യുന്ന ബശീറിയൻ രചനകൾ ഇസ്‌ലാമിന്റെ മൂല്യബോധം തന്നെയാണ് പ്രകടിപ്പിക്കുന്നത്. അഥവാ, ബശീർ ഇസ്‌ലാമിന്റെ ലോകബോധത്തെ സ്നേഹിക്കുകയും സ്വാംശീകരിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു എന്നർഥം. എന്നാൽ മതേതര സങ്കുചിതത്വത്തിന്റെ വേലിക്കെട്ടുകൾക്കകത്ത് നടന്നുവരുന്ന ബശീർ ചർച്ചകളിലൊന്നും ഈ യാഥാർഥ്യം കടന്നുവരുന്നില്ല; അങ്ങനെ സംഭവിക്കുമെന്ന് പ്രതീക്ഷിക്കുന്നതിൽ അർഥവുമില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് എസ്.ഐ.ഒ സംവേദനവേദി 'ഇസ്‌ലാം എഴുത്ത് ബശീർകൃതികൾ' എന്ന തലക്കെട്ടിൽ ഒരു സംവാദസെമിനാർ സംഘടിപ്പിക്കുന്നത്. മത-മതേതര സങ്കുചിതത്വങ്ങൾക്കുമപ്പുറത്ത്, ബശീറിന് പ്രചോദനമേകിയ മൂല്യങ്ങളെക്കുറിച്ചാലോചിക്കുക, ഇസ്‌ലാമിന്റെ ലോകബോധം അകത്തുള്ള ഒരാൾ എങ്ങനെയാണ് രചനകൾ നടത്തുന്നത് എന്ന് പരിശോധിക്കുക എന്നിവയായിരുന്നു പരിപാടിയുടെ ഉള്ളടക്കം. പ്രശസ്ത ഡോക്യുമെന്ററി സംവിധായകനും എഴുത്തുകാരനുമായ എം.എ റഹ്മാനാണ് പരിപാടി ഉദ്ഘാടനം ചെയ്തത്. ബശീർ വേണ്ടതുപോലെ വായിക്കപ്പെട്ടിട്ടില്ല എന്നത് ഒരു വാസ്തവമാണെന്നും, അതിന്റെ കാരണമന്വേഷിച്ചു ചെന്നാൽ പ്രതികളിൽ ഒന്നാം സ്ഥാനത്ത് സമുദായം തന്നെയായിരിക്കും എന്നും അദ്ദേഹം പറഞ്ഞു. ബശീറിന്റെ രചനകൾ തങ്ങളുടെ സാമ്പ്രദായിക ധാരണകളുമായി ഇടഞ്ഞുനിന്നതുകൊണ്ടാണ്, മുഖ്യധാരാ മുസ്‌ലിംസമൂഹം അദ്ദേഹത്തെ വായിക്കാനും പഠിക്കാനും വിമുഖത കാട്ടിയത്. മുസ്‌ലിംസമൂഹത്തിന്റെ ഈ സമീപനം മൂലമാണ് കേരളത്തിന്റെ ചരിത്രമണ്ഡലത്തിൽ തന്റെ വൈവിധ്യമാർന്ന സാധ്യതകളോടുകൂടി ബശീർ ഇനിയും പ്രതിഷ്ഠിക്കപ്പെടാത്തത്- അദ്ദേഹം അഭിപ്രായപ്പെട്ടു.

മലയാളത്തിൽ ഇസ്‌ലാമിനെ ഏറ്റവും സുന്ദരമായി അവതരിപ്പിച്ച കൃതികൾ ബശീറിന്റേതാണെന്നും ഇത് നമുക്ക് മനസ്സിലാകാതെ പോകുന്നത്, നമുക്ക് ഇസ്‌ലാം മനസ്സിലാകാത്തതുകൊണ്ടാണെന്നും ചടങ്ങിൽ അധ്യക്ഷനായിരുന്ന എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് സി.ദാവൂദ് പറഞ്ഞു. സ്വൂഫിസത്തോട് ചേർന്ന് ജീവിക്കുകയും സന്ദേഹങ്ങളുടെ ലോകത്ത് നിരന്തരം അലയുകയും ചെയ്ത ബശീർ, അതേസമയം തന്നെ ഭൂമിയിലെ മനുഷ്യരോടും ജീവികളോടും സംവദിക്കുകയും അവരെ സ്നേഹിക്കുകയും ചെയ്തു. ദുരിതമനുഭവിക്കുന്ന മനുഷ്യരെക്കുറിച്ച് അദ്ദേഹം ഏറെ കാരുണ്യത്തോടെ എഴുതി.

'എഴുത്തിന്റെ ചുറ്റുവട്ടം' എന്ന വിഷയം *മാധ്യമം* പിരിയോഡിക്കൽസ് എഡിറ്റർ വി.എ കബീർ അവതരിപ്പിച്ചു. സജീവമായ സർഗ പ്രവർത്തനങ്ങളുടെ കൂടെ ഖുർആനിക സന്ദേശങ്ങളെ സ്നേഹിക്കാനും ഉൾക്കൊള്ളാനും ബശീർ ശ്രമിച്ചിരുന്നു എന്ന് തന്റെ വ്യക്തിപരമായ അനുഭവങ്ങളുടെ വെളിച്ച

ത്തിൽ അദ്ദേഹം സമർഥിച്ചു.

മിത്തോളജിയെ സമർഥമായി ഉപയോഗിച്ച എഴുത്തുകാരനായിരുന്നു ബശീർ എന്ന് 'പുരാവൃത്തം' അവതരിപ്പിച്ച് സംസാരിച്ച ഡോ. ഉമർ തറമേൽ അഭിപ്രായപ്പെട്ടു. അവിശ്വസനീയമായ നാട്ടുകഥകൾ ഔചിത്യത്തോടെ എഴുത്തിൽ ഉൾചേർത്ത ബശീർ തന്നെ അവസാനം ഒരു മിത്തായി മാറുന്ന കാഴ്ചയും നമുക്ക് കാണാമെന്ന് അദ്ദേഹം പറഞ്ഞു.

മുസ്‌ലിം സമുദായത്തെ, തങ്ങളുടെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ്, അത് യഥാവിധി നിർവഹിക്കുന്ന 'അൽ ഉമ്മ' യാക്കി മാറ്റാൻ ബശീർ തന്റെ കൃതികളിലൂടെ പണിപ്പെടുന്നുണ്ടെന്ന് 'ഉമ്മ: മാതാവും സമുദായവും' എന്ന വിഷയം അവതരിപ്പിച്ച് സംസാരിച്ച കെ.എസ് രഹ്ന അഭിപ്രായപ്പെട്ടു. വീടിനകത്ത് തന്റെ നിയോഗം കൃത്യമായി തിരിച്ചറിയുകയും അത് ഏറെ ശ്രദ്ധയോടെ നിർവഹിക്കുകയും ചെയ്യുന്ന ബശീറിന്റെ ഉമ്മ 'അൽ ഉമ്മ' യുടെ വ്യക്തിരൂപം തന്നെയാണെന്നും അവർ നിരീക്ഷിച്ചു.

'ഇസ്‌ലാമെഴുത്ത്' എന്ന വിഷയം അവതരിപ്പിച്ച ജമീൽ അഹ്മദ്, ബശീറിന്റെ രചനകൾ മുഖ്യമായും മുന്നിൽവെച്ച് പ്രസ്തുത പ്രയോഗത്തിന്റെ സാധുതയും സാധ്യതയും പരിശോധിച്ചു. ഇസ്‌ലാമിന്റെ ആത്മാവിനെ ആഴത്തിൽ അറിഞ്ഞ ഒരാളുടെ എഴുത്തിൽ അറിഞ്ഞോ അറിയാതെയോ ഇസ്‌ലാമിന്റെ സത്ത വെളിപ്പെടുമെന്നും ബശീറിന്റെ രചനകളിൽ ഇത് ഏറെ പ്രകടമാണെന്നും അദ്ദേഹം പറഞ്ഞു. തനിക്ക് ഉച്ചത്തിൽ വിളിച്ചുപറയണമെന്ന് തോന്നിയ ഇസ്‌ലാമികമൂല്യങ്ങളാണ് തന്റെ രചനകളിലൂടെ ബശീർ പ്രബോധനം ചെയ്യുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഏറെ സജീവമായിരുന്ന പരിപാടിയുടെ വിവിധ സന്ദർഭങ്ങളിൽ യാക്കോബ് തോമസ്, ടി.മുഹമ്മദ്, സി.ഗണേഷൻ, സി.എ അനസ്, ബാസിത് ഈരാറ്റുപേട്ട, റസീന തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

ഇസ്‌ലാമിന്റെ ലോകബോധവും ബശീർ രചനകളും തമ്മിലുള്ള ബന്ധം പഠനവിധേയമായിട്ടില്ല എന്ന ആശങ്കയാണ് സെമിനാർ പൊതുവെ പങ്കുവെച്ചത്. ബശീറിനെ വിശ്വാസിയായി പരിഗണിച്ചുകൂടെന്ന മതേതരശാഠ്യവും ഇസ്‌ലാംവിരുദ്ധനായി ബശീറിനെ മനസ്സിലാക്കിയ മുസ്‌ലിംസമൂഹവും ഈ പ്രശ്നത്തിൽ ഒരുപോലെ പ്രതികളാണ്. അതേ സമയം മതേതരത്വത്തിന്റെ വേലിക്കകത്തേക്കെന്നതുപോലെ മതസങ്കുചിതത്വങ്ങൾക്കകത്തേക്ക് അദ്ദേഹത്തെ ചുരുക്കുന്നതും അപകടകരമാണ്. രണ്ടിനും മധ്യേയുള്ള ചർച്ചകൾക്ക് ഏറെ പ്രസക്തിയുണ്ടെന്നു തന്നെയാണ് സെമിനാർ വെളിപ്പെടുത്തിയത്. ■